# കേരളസർവകലാശാല

നം.പി.ആർ.67(a)/2023

## പത്രക്കുറിപ്പ്

### 'ഗുരുസാഗരം'

മദ്രാസ് മ്യൂസിക് അക്കാദമി 2023 ലെ സംഗീത കലാചാര്യ പുരസ്കാരം നേടിയ കേരളത്തിലെ പ്രശസ്ത സംഗീതജ്ഞ പ്രൊഫ: പാൽകുളങ്ങര കെ. അംബികാദേവി ടീച്ചറിനെ കേരള സർവകലാശാല സംഗീതവിഭാഗം 2023 മാർച്ച് 29 ഉച്ചക്ക് 2 മണിക്ക് സംഗീത വിഭാഗം ഓഡിറ്റോറിയത്തിൽ വെച്ച് ആദരിച്ചു..

'ഗുരുസാഗരം' എന്ന ഈ പരിപാടിയിൽ അംബിക ടീച്ചറിനെ ആദരിച്ചത് വിശിഷ്ടാതിഥി ബഹു:-ഉന്നതവിദ്യാഭ്യാസ വകുപ്പ് മന്ത്രി ഡോ.ബിന്ദു.ആർ. ആണ്.ഈ ചടങ്ങിൽ തുളസീവനം ആർ. രാമചന്ദ്രൻ നായർ അധ്യക്ഷതവഹിച്ചു. സർവകലാശാല രജിസ്ട്രാർ പ്രൊഫ.(ഡോ.) കെ .എസ്. അനിൽകുമാർ, പ്രശസ്തമൃദംഗവിദ്വാൻ പ്രൊഫ.വൈക്കം വേണുഗോപാൽ, പ്രശസ്ത കർണാടക സംഗീതജ്ഞനും വയലിൻ വിദ്വാനുമായ ശ്രീ.ആർ .കെ .ശ്രീറാംകുമാർ എന്നിവർ ആശംസകൾ അർപ്പിച്ചു. വിദ്യാർത്ഥി പ്രതിനിധി കുമാരി ഹരിപ്രിയ യു.വി. നന്ദി പ്രകാശനം നടത്തി.

### അതിരുകളുടെഗണിതം പ്രകാശനം ചെയ്തു

കേരളസർവ്വകലാശാല ഗണിതശാസ്ത്രവിഭാഗം മുൻ അധ്യക്ഷനും സർവ്വവിജ്ഞാനകോശം മുൻ ഡയറക്ടറുമായ ഡോ. എ. ആർ. രാജൻ രചിച്ച അതിരുകളുടെഗണിതം എന്ന പുസ്തകം മുൻ കേരള യൂണിവേഴ്സിറ്റി വൈസ് ചാൻസലർ ഡോ. ബി. ഇക്ബാൽ പ്രകാശനം ചെയ്തു. സർവ്വവിജ്ഞാനകോശം ഡയറക്ടർ ഡോ. മ്യൂസ്മേരി ജോർജ് പുസ്തകം സ്വീകരിച്ചു. ആധുനിക ഗണിതശാഖയിലെ അടിസ്ഥാന ആശയത്തിലൊന്നായ ലിമിറ്റ് എന്ന ആശയം സംബന്ധിച്ച പുസ്തകമാണ് അതിരുകളുടെഗണിതം. കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരണമായ ഈ പുസ്തകം വിദ്യാർഥികൾക്കു ഏറെ പ്രയോജനപ്പെടുമെന്ന് ഡോ. ഇക്ബാൽ പറഞ്ഞു. കേരളസർവ്വകലാശാല ക്യാമ്പസ്സിൽ നടന്ന പ്രകാശന ചടങ്ങിൽ സാക്ഷരതാമിഷൻ ഡയറക്ടർ ഡോ. എ. ജി. ഒലീന, ബാല സാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ പള്ളിയറ ശ്രീധരൻ, ഡോ. പി. രമേശ്കുമാർ, ഡോ. അബ്ദുൾ സത്താർ, ഡോ. കെ. ആർ. സന്തോഷ്കുമാർ, ഡോ. എസ്. രാജശേഖരൻ, ഡോ. സണ്ണി ലൂക്കോസ്, എസ്. വിദ്യ, ഡോ.എ. ഗോപിക്കുട്ടൻ, ഡോ. ദിലീപ്കുമാർ എന്നിവർ സംസാരിച്ചു.

തിരുവനന്തപുരം,
29.03.2023.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ-ചാർജ്)

**E-mail:** For queries **helpdesk@keralauniversity.ac.in**
**website: www.keralauniversity.ac.in**

**University information is available on 9188526670, 9188526671, 9188526674, 9188526675**
**Whats App No.8547330240**